സിനിമാ തൊഴിലാളികൾക്ക് മിനിമം വേതനം

*258 [279] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കണാരൻ :
ഡോക്ടർ എ. സുബ്ബ റാവു :
ശ്രീ. കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ വ്യവസായത്തിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിനും മിനിമം വേതനം എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനുമുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

(ബി) പ്രഖ്യാപിത മിനിമം കൂലി എല്ലാ തൊഴിലാളികൾക്കും യഥാർത്ഥത്തിൽ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ലേബർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ സിനിമാ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഈ മിനിമം വേജസ് കമ്മിറ്റി എന്നാണ് രൂപീകരിച്ചത് ? എത്ര പ്രാവശ്യം ഈ കമ്മിറ്റി കൂടി ? വല്ല തെളിവെടുപ്പും നടത്തിയിട്ടുണ്ടോ ? ഈ കമ്മിറ്റി കൂടണ്ടായെന്ന് മന്ത്രി നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. ശിവദാസൻ : 21-7-1984-ലാണ് ഇവർക്ക് സെപ്പറേറ്റായിട്ട് ഒരു മിനിമം വേജസ് ഉണ്ടാക്കുന്നതിനുവേണ്ടി കമ്മിറ്റി കൂടിയത്. അത് കൂടണ്ടായെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടില്ല. അതിൻെറ ടേംസ് എക്സ്പെയർ ചെയ്തു. അതിനുശേഷം വീണ്ടും നിശ്ചിത സമയം കൊടുത്ത് റികോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : മന്ത്രി പറഞ്ഞ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കാരണമെന്തെന്നുവച്ചാൽ കമ്മിറ്റിയുടെ ടേം കഴിഞ്ഞു. മന്ത്രി ഭാരവാഹിയായിട്ടുള്ള ഒരു യൂണിയൻ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റിയതുകൊണ്ടാണ് തൽക്കാലം ആ കമ്മിറ്റി റികോൺസ്റ്റിറ്റ്യൂട്ട് ചെയ്യാത്തത് എന്നാണ് ഞാൻ അറിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഷോപ്പ് ആൻറ് എസ്റ്റാബ്ളിഷ്മെൻറ് ആക്ട് അനുസരിച്ച് ഓവർ ടൈം ജോലി ചെയ്താൽ ഓവർ ടൈം അലവൻസ് കൊടുക്കണമെന്നുള്ളതാണ് നിബന്ധന. എന്നാൽ നമ്മുടെ തീയേറ്ററുകളിൽ മോണിംഗ് ഷോ, ഈവനിംഗ് ഷോ, ഫസ്റ്റ് ഷോ, സെക്കൻറ് ഷോ അങ്ങനെ 10-18 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്ന ഈ തൊഴിലാളികൾക്ക് ഓവർ ടൈം അലവൻസ് കൊടുക്കുന്നില്ല. ബാറാ മാത്രമെ കൊടുക്കുന്നുള്ളു എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ അവർക്ക് ഓവർ ടൈം അലവൻസ് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? അതുപോലെതന്നെ "ബി" ആൻറ് "സി" ക്ലാസ്സ് തിയേറ്ററുകളിൽ ഈ ആക്ട് അനുസരിച്ച് കൊടുക്കേണ്ട കൂലി നിഷേധിച്ചിരിക്കുന്നു. അത് നിഷേധിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് ഓവർടൈം അലവൻസ് കിട്ടുന്നില്ല. ഓവർ ടൈം അലവൻസ് കൊടുക്കാത്തത് നിയമ വിരുദ്ധമാണ്. അതു കൊടുക്കാത്ത ഓണർമാരെ പ്രൊസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ? "ബി" ആൻറ് "സി" വലിയ പ്രധാനപ്പെട്ട വിഷയമാണ്. 'ബി' ആൻറ് 'സി' തിയേറ്ററുകളിൽ ജോലി ചെയ്യുന്നവർക്ക് മിനിമംകൂലി കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് മിനിമംകൂലി വാങ്ങിച്ചു കൊടുക്കാൻ എ. എൽ. ഒ. മാർക്ക് കർശനമായ നിർദ്ദേശം കൊടുക്കണം. അവർ പരിശോധിക്കുന്നില്ല. അതിന് നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ശിവദാസൻ : മിനിമം വേജസ് നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓവർ ടൈം കൊടുക്കുന്നതിന് മിനിമം വേജസ് ആക്ടിൽതന്നെ പ്രൊവിഷനുണ്ട്. നൂൺ ഷോയ്ക്കാണെങ്കിൽ പ്രത്യേകം പെർമിഷൻ കൊടുക്കുന്ന സമയത്ത് തൊഴിലാളികൾക്ക് ഇങ്ങനെ കൂലി കൂടുതൽ കൊടുക്കണമെന്ന് ഡി. എൽ. ഒ.മാരുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമെ അത് കൊടുക്കാവു അല്ലെങ്കിൽ അത് ക്യാൻസലാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : സിനിമാവ്യവസായ മേഖലയിൽ കേരളത്തിൽ ആകെ എത്ര തൊഴിലാളികൾ ഇന്നു പ്രവർത്തിക്കുന്നുണ്ട് എന്നതിനെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ഗവൺമെൻറിൻെറ കയ്യിലുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : ഇല്ല.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : അങ്ങനെ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സിനിമാ ടാക്കീസുകളിലെ തൊഴിലാളികൾ സ്ഥിരം തൊഴിലാളികളല്ല. അവരെ ഗവൺമെൻറിൻെറ കണക്കിൽപ്പെടുത്തുന്നില്ല. അവർക്ക് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള പല സേവനവേതന വ്യവസ്ഥകളുടെ ആനുകൂല്യങ്ങളും ലഭിക്കാതിരിക്കാൻവേണ്ടി അവരുടെ രജിസ്റ്റർപോലും സിനിമാ ടാക്കീസ് ഉദ്യോഗസ്ഥൻമാർ സൂക്ഷിക്കുന്നില്ല. അവർക്കു ദിവസംതോറും കൂലികൊടുത്ത് ഇങ്ങനെ ഒഴിവാക്കുന്ന സമ്പ്രദായമാണുള്ളത്. അതുകൊണ്ട് അത്തരം ഓഫീസുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയടക്കം നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരാൻ ആവശ്യമായ പ്രത്യേകമായ സെൻസസ് എടുത്ത് അവരെക്കൂടി ഈ നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരാനും അവകാശ ആനുകൂല്യങ്ങൾ നൽകാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ : എല്ലാ ലേബർ ഓഫീസുകളിലും ഇതിന്റെ കണക്കുകൾ ലഭ്യമാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതു കിട്ടുന്ന മുറയ്ക്ക് കർശനമായ നടപടിയെടുക്കുന്നതാണ്.

Dr. A. Subba Rao : May I know whether these workers working in these theatres get any benefits of the E. S. I. scheme or any medical benefit scheme and if they are not getting it whether the Government would try to bring these people under the E. S. I. scheme or medical benefit scheme ?

ശ്രീ. കെ. ശിവദാസൻ : സെൻട്രൽ ഗവൺമെന്റിന്റെ സ്കീമനുസരിച്ചുള്ള ഒരു ഇ. എസ്. ഐ. സ്കീമും അതിന്റെ ഇംപ്ലിമെന്റേഷൻ ഏജൻസിയും വേറെയാണ്. അതിൽ നിശ്ചിത തൊഴിലാളികൾക്ക്, പ്രത്യേകം യോഗ്യതയുള്ള തൊഴിലാളികൾക്ക്, പ്രത്യേകം നോട്ടിഫൈ ചെയ്തിട്ടുള്ള ഏരിയായിൽ വരുകയാണെങ്കിൽ, അങ്ങനെ വരുന്നിടത്തെല്ലാം ഇതു കിട്ടും.

ശ്രീ. കാനം രാജേന്ദ്രൻ : മിനിമം വേജസ് കമ്മിറ്റി 21-7-1984-ൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുവെന്നു മന്ത്രി പറഞ്ഞു. 21-7-1984-നുശേഷം ആ കമ്മിറ്റി എത്ര യോഗം ചേർന്നിട്ടുണ്ട്. ഏറ്റവും അവസാനം യോഗം ചേർന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശിവദാസൻ : എത്ര യോഗം കൂടിയെന്നു പറയാൻ ഇപ്പോൾ നിർവ്വാഹമില്ല. ഈ ചോദ്യം ആദ്യത്തെ ചോദ്യത്തിന്റെ ഉപചോദ്യമായി ഉദിക്കുന്നതല്ല. ഇതൊരു പ്രത്യേക ചോദ്യമാണ്. ഇതു എൻഫോഴ്സുമെന്റിനെ സംബന്ധിച്ച ചോദ്യമാണ്. മിനിമം വേജസിനെ സംബന്ധിച്ച ചോദ്യമല്ല.

ശ്രീ. കാനം രാജേന്ദ്രൻ : സർ, മിനിമം വേജസ് ലഭിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുന്നതു സംബന്ധിച്ചാണ്. സിനിമാ തൊഴിലാളികൾക്ക് മിനിമം വേതനം കൊടുക്കുന്നതു സംബന്ധിച്ചാണ്. സിനിമാ തൊഴിലാളികൾക്കു മിനിമം വേജസ് നിശ്ചയിക്കുന്ന കമ്മിറ്റിയെക്കുറിച്ച് ചോദ്യം. ചോദിച്ചുകൂടാ എന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെയാണെങ്കിൽ അങ്ങ് അതിനു ഒരു തീരുമാനമുണ്ടാക്കണം.

മി. സ്പീക്കർ : ചോദ്യം ചോദിക്കാം. വിവരം അദ്ദേഹത്തിന്റെ കയ്യിൽ ഇല്ലായിരിക്കാം.

ശ്രീ. കാനം രാജേന്ദ്രൻ : ഇപ്പോൾ ഈ കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നില്ല. 6 മാസത്തിലധികമായി അതിന്റെ യോഗമേ കൂടിയിട്ടില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഏറ്റവും അടിയന്തിരമായി ഈ കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അതിന്റെ മുഴുവൻ നടപടിയും പൂർത്തിയായിരിക്കുകയാണ്. ഗസറ്റിൽ വരേണ്ട കാര്യം മാത്രമേയുള്ളു. കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ഞാൻ ഒപ്പിട്ടു കഴിഞ്ഞു. ഗവൺമെന്റിൽ നിന്നും ഒപ്പിട്ടുപോയിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല സിനിമാ ശാലകളിലും പേരിനുമാത്രം തൊഴിലാളികളെ-സ്ഥിരം തൊഴിലാളികളെ നിറുത്തുകയും, ബാക്കി തൊഴിലാളികളെ ദിവസേന മാറി മാറി നിറുത്തുകയും ചെയ്യുന്ന ഏർപ്പാട് ഉണ്ടെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ട് എല്ലാ സിനിമാശാലകളിലും സ്ഥിരമായിട്ടുള്ള തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കാനും അതില്ലാത്തിടത്ത് അതിനുള്ള നടപടി എടുക്കാനും നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ശിവദാസൻ : അതിന്റെ എൻഫോഴ്സുമെന്റിൽ എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന് കർശനമായി എൻഫോഴ്സ് ചെയ്യാൻ നിർദ്ദേശം കൊടുക്കും.

ശ്രീ. എ. വി. താമരാക്ഷൻ : ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി സിനിമാ വ്യവസായ രംഗത്തെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപീകരിച്ച മിനിമം വേജസ് കമ്മിറ്റിയിൽനിന്ന് അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട 2 മെമ്പർമാർ രാജി വച്ച് മാതൃസംഘടനയിൽ പോയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയിലുണ്ടായിരുന്ന മറ്റു മെമ്പർമാരെ രാജി വയ്പിച്ച്, ആ കമ്മിറ്റി മൊത്തം നശിപ്പിക്കാൻ ശ്രമിച്ചതു തൊഴിലാളി വിരോധമല്ലെ ?

ശ്രീ. കെ. ശിവദാസൻ : അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല. ഒരു മെമ്പറും രാജി വച്ചിട്ടില്ല.

ഐ. ആർ. ഡി. പി.

* 259 [280] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി.പി. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(ബി) തെരഞ്ഞെടുക്കുന്നവരിൽ എത്ര ശതമാനം സ്ത്രീകൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ദാരിദ്ര്യരേഖയ്ക്കുതാഴെ ജീവിക്കുന്ന ഗ്രാമീണകുടുംബങ്ങളിലെ അംഗങ്ങളായിരിക്കണം എന്നതാണ് ഐ. ആർ. ഡി. പി. അനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം.

(ബി) 33 ⅓ ശതമാനം.

ശ്രീമതി കെ. ആർ. ഗൗരി : 33 ⅓ ശതമാനമെന്നാണ് പറഞ്ഞത്. ഈ കൊടുത്ത ഐ. ആർ. ഡി. പി. ലോണിൽ എത്ര ശതമാനം സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ല എങ്കിൽ പ്രത്യേകമായി ഈ ശതമാനം കിട്ടുന്നതിന് ആവശ്യമായ നടപടി എടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 33 ⅓ ശതമാനം നമുക്ക് ഇതുവരെ കൈവരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly